**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2086** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ പിഎച്ച്സിയുടേയും, ഹരിപ്പാട് ടിബി സെന്ററിന്റേയും പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ പി.എച്ച്.സി.യുടേയും, ഹരിപ്പാട് ടി.ബി. സെന്ററിന്റേയും പ്രവർത്തനങ്ങളിലെ പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിൽ കരുവാറ്റ പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തിച്ച് വരുന്ന കെട്ടിടം unfit ആയതിനാൽ കരുവാറ്റ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേയ്ക്ക് താൽക്കാലികമായി മാറ്റിയിട്ടുണ്ട്. തീരദേശ/ ട്രൈബൽ മേഖലകളിലെ ആരോഗ്യ സ്ഥാപനങ്ങൾ വികസിപ്പിക്കുക എന്ന പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ കരുവാറ്റ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണത്തിന് 2,30,00,347/- രൂപയ്ക്ക് (G.O (Rt).No.627/2022/H&FWD തീയതി 21/03/2022 പ്രകാരം) ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2021-22) e-lamps-ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നടപ്പ സാമ്പത്തിക വർഷത്തിൽ (2022-23) അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു.<br><br>കരുവാറ്റ ടി.ബി.യൂണിറ്റിന്റെ പരിധിയിൽ വരുന്ന 25 ആരോഗ്യ സ്ഥാപനങ്ങളിലെ ടി.ബി. അനുബന്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സ്ഥാപനമാണ് കരുവാറ്റ ടി.ബി.ക്ലിനിക്ക്. ക്ഷയരോഗ നിർണ്ണയത്തിനായുള്ള കഫ പരിശോധന, ക്ഷയരോഗ ചികിത്സ, ക്ഷയരോഗ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ കൃത്യമായ രീതിയിൽ നടത്തിവരുന്നുണ്ട്.<br><br>ദേശീയപാതവികസനത്തോടനുബന്ധിച്ച് ആശുപത്രിയുടെ മുൻഭാഗം പൊളിച്ചു മാറ്റേണ്ടതായി വരുന്നതിനാൽ എക്സ്റേ ഉൾപ്പെടെയുള്ളവ മാറ്റി സ്ഥാപിക്കേണ്ടതായുണ്ട്. കരുവാറ്റ ടി.ബി. ക്ലിനിക്ക് പ്രവർത്തിക്കുന്ന നിലവിലുള്ള കെട്ടിടം കാലപ്പഴക്കം മൂലം ശോചനീയാവസ്ഥയിലായതിനാൽ എക്സ്റേ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയാത്ത |

| | | | |
|---|---|---|---|
| | | | സാഹചര്യമാണ് നിലവിലുള്ളത്. ഒ.പി. കെട്ടിട ത്തിന്റെ മുൻഭാഗം പൊളിച്ചു മാറ്റപ്പെടുന്നതിനാൽ ഒ. പി. പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഇവയുടെ അടിസ്ഥാന സൗകര്യങ്ങളിലടക്കം നിലനിൽക്കുന്ന പ്രതിസന്ധികളും പോരായ്മകളും പരിഹരിക്കുന്നതിനും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ? | (ബി) | നിലവിൽ കരുവാറ്റ പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തിച്ച് വരുന്ന കെട്ടിടം unfit ആയതിനാൽ കരുവാറ്റ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേയ്ക്ക് താൽക്കാലികമായി മാറ്റിയിട്ടുണ്ട്. തീരദേശ/ ട്രൈബൽ മേഖലകളിലെ ആരോഗ്യ സ്ഥാപനങ്ങൾ വികസിപ്പിക്കുക എന്ന പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ കരുവാറ്റ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണത്തിന് 2,30,00,347/- രൂപയ്ക്ക് (G.O (Rt).No.627/2022/H&FWD തീയതി 21/03/2022 പ്രകാരം) ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2021-22) e-lamps-ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നടപ്പ സാമ്പത്തിക വർഷത്തിൽ (2022-23) അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു.<br><br>കരുവാറ്റ ടി.ബി.യൂണിറ്റിന്റെ പരിധിയിൽ വരുന്ന 25 ആരോഗ്യ സ്ഥാപനങ്ങളിലെ ടി.ബി. അനുബന്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സ്ഥാപനമാണ് കരുവാറ്റ ടി.ബി.ക്ലിനിക്ക്. ക്ഷയരോഗ നിർണ്ണയത്തിനായുള്ള കഫ പരിശോധന, ക്ഷയരോഗ ചികിത്സ, ക്ഷയരോഗ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ കൃത്യമായ രീതിയിൽ നടത്തിവരുന്നുണ്ട്.<br><br>ദേശീയപാതവികസനത്തോടനുബന്ധിച്ച് ആശുപത്രിയുടെ മുൻഭാഗം പൊളിച്ചു മാറ്റേണ്ടതായി വരുന്നതിനാൽ എക്സ്റേ ഉൾപ്പെടെയുള്ളവ മാറ്റി സ്ഥാപിക്കേണ്ടതായുണ്ട്. കരുവാറ്റ ടി.ബി. ക്ലിനിക്ക് പ്രവർത്തിക്കുന്ന നിലവിലുള്ള കെട്ടിടം കാലപ്പഴക്കം മൂലം ശോചനീയാവസ്ഥയിലായതിനാൽ എക്സ്റേ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഒ.പി. കെട്ടിട ത്തിന്റെ മുൻഭാഗം പൊളിച്ചു മാറ്റപ്പെടുന്നതിനാൽ ഒ. പി. പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ